"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ ശിശു വികസന വകുപ്പ്-2024-25 സാമ്പത്തിക വർഷം- പോഷകബാല്യം പദ്ധതി- അങ്കണവാടിയിൽ മുട്ട, പാൽ വിതരണം- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.48/2025/WCDD തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം:-
1. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 08/07/2024 ,13/09/2024, 30/12/2024 തീയ്യതികളിലെ DWCD/1763/2024-ICDSB1 നമ്പർ കത്ത്
2. സ.ഉ(അ)നം.76/2024/ധന തീയ്യതി 31/08/2024
3. സ.ഉ(സാധാ)നം.15/2025/WCD തീയ്യതി 10/01/2025

**<u>ഉത്തരവ്</u>**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനുമായി അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും, 2 ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന സംസ്ഥാന പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിരുന്നു.

(2) മുട്ട ഒരു സമ്പൂർണ്ണ പോഷകാഹാരമാണ്. മുട്ടയിൽ ധാരാളം മാംസ്യം, ഇരുമ്പ് എന്നിവ അടങ്ങിയിരിക്കുന്നു. മുട്ടയിൽ അടങ്ങിയിട്ടുള്ള Choline, Antioxidants, Omega 3 Fatty Acid എന്നിവ കുട്ടികളുടെ മസ്തിഷ്ക വളർച്ചയ്ക്കും ബുദ്ധി വികാസത്തിനും സഹായിക്കുന്നു. മുട്ടയിൽ ധാരാളം വിറ്റാമിനുകൾ (Vit A, Vit B12, Vit E, Vit B5) അടങ്ങിയിരിക്കുന്നതിനാൽ കുട്ടികളുടെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. കുട്ടികളുടെ സമഗ്ര വികസനത്തിനും പ്രായത്തിനനുസൃതമായ ശരീരഭാരം നിലനിർത്തുന്നതിനും അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ട നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(3) കേരളത്തിലെ പൊതു വിപണിയിൽ മുട്ടയുടെ വില 6/- രൂപയാണ്. സംഭരണം, വരവ്, ഉത്പാദനം, ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലുടനീളം വിവിധ ജില്ലകളിൽ മുട്ടയുടെ വില (ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ) 6 മുതൽ 8 രൂപ വരെ വ്യത്യാസപ്പെടുന്നു. ആയതിനാൽ അങ്കണവാടിയിലേക്ക് വാങ്ങുന്ന മുട്ടയുടെ വില ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ 8.00 രൂപയായി നിശ്ചയിക്കാവുന്നതാണെന്നും തദ്ദേശീയ മാർക്കറ്റ് വിലയിൽ അധികരിക്കാൻ പാടില്ല എന്ന് കൂടി വ്യവസ്ഥ ചെയ്യാവുന്നതാണെന്നും ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഇപ്രകാരം 2024-25 സാമ്പത്തിക വർഷം അങ്കണവാടിയിൽ എത്തുന്ന 3 വയസ് മുതൽ 6 വയസ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം വീതം വർഷത്തിൽ 52 ആഴ്ച (12 മാസം) കളിൽ മുട്ട വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശം

ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒരു കുട്ടിയ്ക്ക് ഒരു ദിവസം മുട്ടയുടെ എണ്ണം | 1 |
| ഒരു കുട്ടിയ്ക്ക് ഒരു ആഴ്ചയിൽ നൽകുന്ന മുട്ടയുടെ എണ്ണം | 2 |
| ഒരു കുട്ടിയ്ക്ക് 52 ആഴ്ച വേണ്ട മുട്ടയുടെ എണ്ണം | 104 |
| മുട്ടയുടെ ശരാശരി കമ്പോള വില( ട്രാൻസ്പ്പോട്ടേഷൻ ഉൾപ്പെടെ | 8/- |
| ഒരു കുട്ടിയ്ക്ക് 52 ആഴ്ച മുട്ട നൽകുന്നതിനു ആവശ്യമായ തുക | 832(104*8) |
| അങ്കണവാടിയിലെ ശരാശരി ഗുണഭോക്താക്കളുടെ എണ്ണം | 380000 |
| 3 വയസു മുതൽ 6 വയസുവരെയുള്ള കുട്ടികൾക്ക് 52 മുട്ട നൽകുന്നതിന് ആവശ്യമായ തുക | 31,61,60,000/-(380000*104*8) |
| മുട്ടയുടെ കമ്പോള വിലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കടത്ത് കൂലി ഉൾപ്പെടെ മറ്റു ആകസ്മിക ചെലവുകൾക്കായി ആവശ്യമായ തുക | 13,40,000/- |
| 2024-25 സാമ്പത്തിക വർഷത്തിൽ മുട്ട വിതരണത്തിന് ആകെ ആവശ്യമായ തുക | 31,75,00,000/- രൂപ |

(4) കുട്ടികളുടെ ആരോഗ്യത്തിനു അത്യാവശ്യമായ ഒരു സമ്പുഷ്ട ആഹാരമാണ് പാൽ. കാൽസ്യത്തിന്റെ ഉറവിടമായതിനാൽ എല്ലുകളുടെയും പല്ലുകളുടെയും വളർച്ചയിൽ പാൽ ഒരു മുഖ്യ പങ്ക് വഹിക്കുന്നു. പാലിൽ അടങ്ങിയിട്ടുള്ള പ്രോട്ടീൻ ഊർജ്ജ സ്രോതസാണ്. ഇവ കൂടാതെ പാലിൽ പൊട്ടാസ്യം, ഫോസ്ഫറസ്, Vit D, Vit B12, Vit A, Vit B2, നിയാസിൻ എന്നിവ അടങ്ങിയിരിക്കുന്നു. കുട്ടികളിലെ കാഴ്ചക്കുറവ് പരിഹരിക്കുന്നതിനും ചർമ്മാരോഗ്യം നിലനിർത്തുന്നതിനും പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും പാൽ സഹായിക്കുന്നു. ഈ സാഹചര്യത്തിൽ അങ്കണവാടികളിൽ എത്തുന്ന 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാൽ നൽകുന്നത് അഭികാമ്യമാണ്.

(5) അങ്കണവാടികളിൽ 'മിൽമ' പാൽ / പ്രാദേശിക ക്ഷീര സൊസൈറ്റികൾ /മറ്റ് പ്രാദേശിക പാൽ വിതരണ സംവിധാനങ്ങൾ/ യു.എച്ച്.ടി പാൽ/ കുടുംബശ്രീ സംരഭകർ എന്നിങ്ങനെ വിതരണം ചെയ്യുന്നതാണ്. ഒരു ലിറ്റർ പാലിന് 58/- രൂപ കണക്കാക്കി, ഒരു കുട്ടിക്ക് ഒരു ദിവസം 125 ml പാൽ ആഴ്ചയിൽ രണ്ട് ദിവസം വീതം 52 ആഴ്ച (12 മാസം) നൽകുന്നതിന് ആവശ്യമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒരു കുട്ടിയ്ക്ക് ഒരു ദിവസം നൽകുന്ന പാലിന്റെ അളവ് | 125 ml |
| ഒരു കുട്ടിയ്ക്ക് ഒരു ആഴ്ചയിൽ നൽകുന്ന പാലിന്റെ അളവ് | 250 ml(125*2) |
| ഒരു കുട്ടിയ്ക്ക് 52 ആഴ്ച വേണ്ട പാലിന്റെ അളവ് | 13000ml/13L(250 ml*52) |
| ഒരു ലിറ്റർ പാലിന് ട്രാൻസ്പ്പോട്ടേഷൻ ഉൾപ്പെടെ നിശ്ചയിക്കുന്ന വില | 58 |
| അങ്കണവാടിയിലെ ശരാശരി ഗുണഭോക്താക്കളുടെ എണ്ണം | 380000 |
| 3 വയസു മുതൽ 6 വയസുവരെയുള്ള കുട്ടികൾക്ക് 52 ആഴ്ച പാൽ നൽകുന്നതിന് ആവശ്യമായ തുക | 28,65,20,000/- (380000 * 13 Ltrs* 58) |
| കുട്ടികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ. പാലിന്റെ /UHT പാലിന്റെ കമ്പോള വിലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾപ്പെടെ മറ്റ് ആകസ്മിക ചെലവുകൾക്കായി ആവശ്യമായ തുക. | 1,04,90,100/- |

| | |
|---|---|
| 2024-25 സാമ്പത്തിക വർഷത്തിൽ പാൽ വിതരണത്തിന് ആകെ ആവശ്യമായ തുക | 29,70,10,100 /- രൂപ |

(6) കുട്ടികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഗണിച്ചും മുട്ടയുടെയും പാലിന്റെയും കമ്പോള വിലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പരിഗണിച്ചും, കടത്ത് കൂലി ഉൾപ്പെടെ മറ്റ് ആകസ്മിക ചെലവുകളും പരിഗണിച്ച് 2024-25 സാമ്പത്തിക വർഷത്തിൽ 2235-02-102-22-00-34-03 (PV) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 6350.00 ലക്ഷം രൂപയിൽ 40,00,00,000/- (നാല്പത് കോടി രൂപ മാത്രം) അങ്കണവാടികളിൽ മുട്ടയും പാലും വിതരണത്തിനായി ആവശ്യമായി വരുന്നതാണെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വനിത ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിക്ക് ആവശ്യമായ മുട്ട കെപ്കോ/കുടുംബശ്രീ സംരംഭകർ മറ്റ് പ്രാദേശിക മുട്ട  വിതരണ സംവിധാനങ്ങൾ എന്നിവരിൽ നിന്നോ ബന്ധപ്പെട്ട സൂപ്പർവൈസർമാർ സെക്ടർ/സബ് സെക്ടർ തലത്തിൽ സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിച്ച് ക്വട്ടേഷൻ/ ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതും, ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ ഫീഡിങ് തടസം ഉണ്ടാകാതിരിക്കാൻ വൗച്ചർ സംവിധാനം വഴിയും പദ്ധതി നടപ്പിലാക്കാവുന്നതാണ് എന്നും ഇതിലേക്ക് ആവശ്യമായി വരുന്ന തുക വനിത ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ എന്നിവർ മുഖേന ബന്ധപ്പെട്ട ഏജൻസികൾക്ക് തുക കൈമാറുന്നതുമാണ് എന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(7) വനിത ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന  പദ്ധതിക്ക് ആവശ്യമായ പാൽ 'മിൽമ' / മറ്റ് പ്രാദേശിക ക്ഷീര കർഷകർ/ സൊസൈറ്റികൾ/ 'മിൽമ' UHT പാൽ/ കുടുംബശ്രീ സംരംഭകർ/മറ്റ് പ്രാദേശിക പാൽ വിതരണ സംവിധാനങ്ങൾ എന്നിവരിൽ നിന്നും ബന്ധപ്പെട്ട സൂപ്പർവൈസർമാർ സെക്ടർ സബ് സെക്ടർ തലത്തിൽ സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിച്ച് ക്വട്ടേഷൻ  ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതും,ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ ഫീഡിങ് തടസം ഉണ്ടാകാതിരിക്കാൻ വൗച്ചർ സംവിധാനം വഴിയും പദ്ധതി നടപ്പിലാക്കാവുന്നതാണ് എന്നും ഇതിലേക്ക് ആവശ്യമായി വരുന്ന തുക വനിത ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ എന്നിവർ മുഖേന ബന്ധപ്പെട്ട ഏജൻസികൾക്ക് തുക കൈമാറുന്നതുമാണെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(8) പ്രസ്തുത സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിൽ മുട്ട ,പാൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് ഭരണാനുമതിയും, ഈ പദ്ധതി നടത്തിപ്പിലേക്ക് ആവശ്യമായി വരുന്ന 40,00,00,000/- (നാല്പത് കോടി  രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03 (PV) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതിയും നൽകണമെന്ന് പരാമർശം (1) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(9) 24/12/2024 ന് ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം അങ്കണവാടികളിൽ പാലും മുട്ടയും വിതരണം ചെയ്യുന്ന പദ്ധതി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം അങ്കണവാടി കുട്ടികളുടെ ആഹാരത്തിൽ പാലും മുട്ടയും ഉൾപ്പെടുത്തുന്ന പദ്ധതിക്ക് 32,87,55,000/- കോടി രൂപ 2235-02-102-22 ശീർഷകത്തിൽ പരാമർശം (3) പ്രകാരം പുനക്രമീകരിച്ച് ഉത്തരവായിരുന്നു.

(10) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിൽ മുട്ട, പാൽ വിതരണം ചെയ്യുന്ന പോഷകബാല്യം പദ്ധതിക്ക് ഭരണാനുമതി നൽകിയും, പ്രസ്തുത പദ്ധതി നടത്തിപ്പിലേക്ക് ആവശ്യമായി വരുന്ന 32,87,55,000/- (മുപ്പത്തിരണ്ട് കോടി എൺപത്തിഏഴ് ലക്ഷത്തി അൻപത്തിഅഞ്ചായിരം രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-22(PV) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് ചുവടെ പറയുന്ന വ്യവസ്ഥകളോടെ അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1)A pilot survey may be conducted to verify the findings on anemia and underweight percentages of NHFS-5

2)The expenditure would be met from the provision available under the appropriate head of account.

3) The fund release will be based on actual requirement and the fund released should not be parked in banks.

4) Store Purchase Rules shall be strictly adhered to, if applicable.

5) Tender/e-tender and other stipulated formalities shall be followed wherever necessary.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(WCD)
ധനകാര്യ (പ്ലാനിംഗ് -ബി) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 01-02-2025 12:12:45